oct 20

ഇന്നു 60 തികയുന്ന മഹാകവി പി.

എൻ. വി. കൃഷ്ണവാരിയർ

[illegible] ഗ്രാമങ്ങളുടെ നിസർഗ്ഗസൗന്ദര്യത്തിലും ശാലീനസംസ്കാരത്തിലും ആണ്ടു മുങ്ങി, അവയുടെ ഏതാണ്ടതീന്ദ്രിയപ്രായമായ സൗ[illegible] പെറ്റും പെറ്റും പാടിപ്പുകഴ്ത്തി, പക്ഷേയും പ്രവിഷ്ടങ്ങളായ പാശ്ചാത്യനഗരസഭ്യതയുടെ തള്ളിക്കയറ്റത്തിൽ അവ എന്നെന്നേക്കുമായി മരിച്ചൊടുങ്ങിപ്പോകുന്നതു കണ്ടു മനംനൊന്തു കേഴ്കി, ഏറെക്കുറെ അപ്രതിരോധ്യമായിക്കാണപ്പെടുന്ന ഈ അത്യാഹിതത്തെ തടഞ്ഞുനിർത്തുവാൻ തനിക്കു കഴിയാത്തതിലുള്ള നൈരാശ്യത്താൽ ഇടനെഞ്ചു പൊട്ടി, അന്തിമമായ സ്വജീവാഹുതി കൊണ്ടു പോലും തന്റെ നാട്ടുകാരിൽ ഈ ആത്യന്തികവിപത്തിനെക്കുറിച്ചുള്ള ബോധമുളവാക്കാൻ വെമ്പൽ കൊള്ളുന്ന മഹാകവി പി. കുഞ്ഞിരാമൻ നായർക്കു് ഈ ഒക്ടോബർ 22-ാംനു അറുപതു വയസ്സു തികയുകയാണ്. തന്റെ ചുറ്റും ആർത്തിരമ്പിക്കയറുന്ന രാഷ്ട്രീയങ്ങളും സാമൂഹ്യങ്ങളും സാംസ്കാരികങ്ങളുമായ പ്രസ്ഥാനങ്ങളുടെ കോലാഹലങ്ങളിൽ നിന്നെല്ലാം ഏറെക്കുറെ വിട്ടകന്ന്, സ്വന്തം ഏകാന്തതയോടും മോഹഭംഗങ്ങളോടും നൈരാശ്യങ്ങളോടും പശ്ചാത്താപങ്ങളോടും നിരന്തരവും വാചാലവുമായ കലഹത്തിലേർപ്പെട്ട്, കവിതയുടെ അനർഘമായ കേദാരത്തിൽ [illegible] കരിച്ചാലുകീറി മുന്നോട്ടു നീങ്ങുന്ന, തനിയ്ക്കു തന്നെ ഏറെക്കുറെ അപരിചിതനായ, ഈ കവിയുടെ ഷഷ്ടിപൂർത്തി കൊണ്ടാടുവാനും, ആ അവസരത്തിൽ അദ്ദേഹത്തിനു് തങ്ങളുടെ അകം നിറഞ്ഞൊഴുകുന്ന ആരാധനാർഘ്യങ്ങൾ സമർപ്പിക്കുവാനും കേരളത്തിൽ പലേടത്തും സഹൃദയന്മാർ മുന്നോട്ടു വന്നു എന്നതു്, [illegible] ഭൗതികതൃഷ്ണാപ്രേരിതവുമായ ഈ വ്യവസ്ഥിതിയിൽ ഇത്രനാളും പുലർന്നിട്ടും നമ്മുടെ ജനതയുടെ മാനസികസൗകുമാര്യത്തിന്റെ അഗാധപ്രസ്രവണങ്ങൾ വറ്റിപ്പോയിട്ടില്ലെന്നതിനു മികച്ച തെളിവാണ്. വിഷാദിക്കേണ്ടതില്ല, നമുക്കിനിയും ആശയ്ക്കു വകയുണ്ട്.

കേരളത്തിലെ [illegible] കവി എന്ന് ശ്രീ കുഞ്ഞിരാമൻനായരെ പലരും വിശേഷിപ്പിച്ചിട്ടുണ്ട്. ഇവിടത്തെ [illegible] പുരാണകഥകളിൽ [illegible] [illegible] [illegible] കൃതികളിലെ [illegible] [illegible]. കുഞ്ഞിരാമൻ [illegible] [illegible] നിറയുന്ന [illegible] സുഗന്ധമാണ് മറ്റു ചിലർ [illegible]. ഇതിലും [illegible], [illegible] വെണ്മണൽത്തരികളും [illegible] പുള്ളുവപ്പാട്ടുകളും [illegible] സർപ്പപ്പാട്ടുകളുടെ [illegible] ഇതെല്ലാമത്രേ [illegible] കവിതകളുടെ സവിശേഷത. [illegible]നോടുള്ള [illegible], സംസ്കൃതത്തോടുള്ള സ്നേഹം, [illegible] വിശ്വാസം, [illegible] കവി—[illegible] പലതും അദ്ദേഹത്തിന്റെ പ്രത്യേകതകളായി പരിഗണിക്കുന്നവരുണ്ടാകാം. [illegible] ശരിയുമാണ്.

വിഷാദം

പക്ഷേ, ഇവയെല്ലാം ഉപരിയായി [illegible] [illegible] [illegible] ആകി, ശ്രീ കുഞ്ഞിരാമൻ നായരുടെ കവിവ്യക്തിത്വത്തിന് ഐക്യവും [illegible] [illegible] ഒരു വികാരം, ഒരു [illegible], ഉണ്ട്. [illegible] [illegible] വിഷാദ[illegible]. [illegible] ഉണർന്ന് [illegible] വിശ്രമം കൊ[illegible], [illegible] പാടി [illegible] സ്വയം വിലയിക്കയും ചെയ്യുന്ന കവി[illegible] സം[illegible], [illegible] നിന്ന് [illegible] [illegible] [illegible].

[illegible] ആണ് കവിയുടെ ഈ [illegible]? ഇതു് വ്യക്തമാ[illegible] അസാദ്ധ്യമാണ്. കവിക്കു് [illegible] സ്വയം തിരിച്ചറിയാൻ [illegible] കവിതയുടെ [illegible]. ഒരു മാത്രം [illegible]. ആ വിഷാദത്തിന് പല [illegible], ഒരോ വിധത്തിൽ [illegible], സ്വയം സാക്ഷാത്കൃതമാ[illegible] അതു് പല പല രൂ[illegible] മാറി മാറി [illegible]. [illegible] പാരമ്പര്യ[illegible] [illegible]. എങ്കിലും, [illegible] പോലെ, [illegible] [illegible] പോലെ, [illegible] [illegible], ''[illegible]'' [illegible] കുഞ്ഞിരാമൻ നായരെ [illegible] കാണാം.

[illegible]

''രാഗത്തിലോഹരി കിട്ടിയവീണന
തീതവിറ്റിക്കളി വട്ടത്തിലെത്തവേ
ട്ടരസികവൻ ഭീതവിൻ
വേഷങ്ങളം
കെട്ടി ക്രമമൊത്ത ഭീതവായ്
വന്ന ഞാൻ
ചമ്മോ പല പല വേഷങ്ങളം
കെട്ടിയി–
ന്നാത്മസ്വരൂപത്തെയോരാതെ
യായി ഞാൻ
ബോധമില്ലാതെ കിടക്കുമവസ്ഥയു
മിങ്ങയായ് ഘോരവിപത്തെന്തു
ഭൂമിയിൽ ?
വേദനാപൂർണ്ണമാണിക്കഥ, രാവണ
വേഷവും ഞാനുമൊന്നായിച്ചമഞ്ഞു
പോയ് !
മുറമീർഘല ജീവിതമങ്ങിങ്ങു
ച്ചുറ്റിയലഞ്ഞു വലഞ്ഞു കഴിഞ്ഞു
പോയ്''
(കളിയച്ഛൻ)

ഗുരുത്വക്കേടു നിമിത്തം തനിക്ക സംഭവിച്ചുപോയ ഈ അധഃപതനത്തെ അദ്ദേഹം പല കൃതികളിൽ, പല പല രൂപകങ്ങളും ഉപമകളുമുപയോഗിച്ച്, വിവരിച്ചിട്ടുണ്ട്. എങ്കിലും, അതിൽ നിന്നു മോചനം, ഉത്ഥാനം, ആത്മീയമായൊരു പുനർജ്ജന്മം, സാധ്യമാണെന്ന വിശ്വാസം, ഭാഗ്യവശാൽ, അദ്ദേഹത്തിൽ ദൃഢമൂലമാവാൻ ഏറെ താമസമുണ്ടായില്ല. ഈ ഉത്ഥാനത്തിനുള്ള മാർഗ്ഗമായി അദ്ദേഹം കണ്ടതോ, തികഞ്ഞ ആത്മസമർപ്പണത്തെയാണുതാനും. കുഞ്ഞിരാമൻ നായർ ''ഭക്തകവി''യായതു് ഈ ഘട്ടത്തിലത്രേ. പക്ഷേ അദ്ദേഹത്തിന്റെ ഭക്തി ഏതെങ്കിലും ഭൗതികലക്ഷ്യം നേടാനുള്ള ക്ഷേത്രോപാസനയായിത്തീർന്നിട്ടില്ല ഒരിക്കലും. ഗുരുവായൂരപ്പനോടു് ഈ കവി പ്രാർത്ഥിച്ച ആയുരാരോഗ്യസൌഖ്യം ശരീരത്തിന്റേതല്ല, ആത്മാവിന്റേതാണ്, തന്റേയും, തന്റെ രാഷ്ട്രത്തിന്റേയും.



വ്യക്തിയും സമൂഹവും

പതനം, പശ്ചാത്താപം, പുനർജ്ജന്മം, തന്റെ ഈ വൈയക്തികാനുഭൂതിയിൽ തന്റെ രാഷ്ട്രത്തിന്റെ സാമൂഹികാനുഭൂതി, പിണ്ഡാണ്ഡത്തിൽ ബ്രഹ്മാണ്ഡം പോലെ, പ്രതിനിധാനം ചെയ്യപ്പെട്ടതായി കുഞ്ഞിരാമൻ നായർക്കനുഭവപ്പെട്ടു. നമ്മുടെ രാഷ്ട്രത്തിന്റെ ചരിത്രം എന്താണ്? ഉജ്ജ്വലമായ ഒരു പ്രാചീനകാലം, അന്ധകാരമേദുരമായ ഒരു വർത്തമാനകാലം, ഉജ്ജ്വലതരമായേക്കാവുന്ന ഒരു ഭാവികാലം. താൻ സങ്കല്പത്തിൽ കണ്ട തന്റെ ജന്മഭൂമിയുടെ പ്രാചീനകാലത്തെയാണ് ''ഓണ''മെന്ന പേരിൽ എത്രയോ കവിതകളിൽ ഈ കവി പ്രകീർത്തിച്ചിട്ടുള്ളത്. ഇതു തന്നെയാണ് അദ്ദേഹം തന്റെ രാഷ്ട്രത്തിന് ആശംസിക്കുന്ന ഭാവികാലവും.

''അല്ലിൽതെളിഞ്ഞിരുന്ന കൊച്ചു–
പുല്ലുമാടങ്ങൾ തൻ മുറ്റത്തെല്ലാം
പാവനപ്രേമഹസ്തത്തിൻ പൂന്തു–
പൊട്ടുകാരുടെ തെളിഞ്ഞു കണ്ടു.
[illegible]
[illegible]
[illegible] വിരിഞ്ഞു [illegible]
[illegible]
[illegible] പിടിച്ചുനിന്ന
[illegible] വിരലും
ഛാണകക്കണ്ണിൽക്കിടക്കം പച്ച–
മൊന്നപ്പടവയ്ക്കുള്ള തുള്ളി,
മിന്നുന്ന തങ്കക്കക്കനിട്ടു
പൊന്നോണമുക്കുറ്റി വീട്ടുചുറ്റി
മങ്ങാത്ത സൌന്ദര്യധാര ചേരും
ചിങ്ങത്തിൻ തങ്കനിലവിളക്കിൽ
പൊങ്ങുമാംബ്'ഭക്തി തൻ രശ്മി
വീശി–
പ്പൊന്നോണദീപം തെളിഞ്ഞുകത്തി
പുത്തനാംവില്ലൊന്നിൽ കേരളീയ–
ചിത്തത്തിൻ വീരനിനദം പൊന്തി'
(ഓണക്കാലത്തു്)

ഭൗതികമായ വിഭവസമൃദ്ധിയോടും, വീര്യത്തേജസ്സോടുമൊപ്പം, കലകളുടേയും തത്വചിന്തയുടേയും വേലിയേറ്റവും ആദ്ധ്യാത്മിക സംസ്കാരത്തിന്റെ പുനരുജ്ജീവനവും കൂടിയായാൽ കവിയുടെ ഈ ഓണക്കാലമായി. ഈ ഓണക്കാലത്തിലാകട്ടെ അകമഴിഞ്ഞാഹ്ലാദിക്കുന്നതു് മനുഷ്യർ മാത്രമല്ല, മൃഗങ്ങളും മരങ്ങളും പുൽകളും പൂക്കളും കൂടി അതിന്നവകാശികളാണ്. പക്ഷേ വാസ്തവമെന്താണ്? ''ഇവിടെ ഓണമില്ല'' എന്നു കവി നിസ്സന്ദേഹം വിളിച്ചു പറയുന്നു: അടുത്തെങ്ങും ഓണം ഇവിടെ ഉണ്ടാവാനും വഴി കാണുന്നില്ല.

''കതിരവൻ ചൊരിയുന്ന
കനക ദീപ്തി തൻ മുന്നിൽ
കരിനിഴൽ വീശി മമ ഭവനം നില്പൂ,
ചിലന്തിനൂലുകളല്ലോ
മരത്തിലൊക്കെയും കാട്ടു–
ചെടികളാണിത്താടി താടി
വളർത്തി നില്പൂ''.(ഓണമില്ല)

ക്രൂരമായ ഈ യാഥാർത്ഥ്യത്തിന്റെ പകൽവെളിച്ചത്തിൽ ഹൃദയം നൊന്തു് കവി അന്വേഷിക്കുന്നു–

പാവനമാമകൃത്രിമ സൌഹൃദ–
പ്പൂ വിടരും മലയാണ്മയെങ്ങുപോയ്?
നെററിയിൽ സ്നേഹ സാത്വികചന്ദന–
പ്പൊട്ടുതൊട്ട മലയാളിയെങ്ങുപോയ്?
മർത്ത്യമാർഗ്ഗത്തിലെങ്ങും പരസ്പര–
സ്പർദ്ധ തൻ മുള്ളുവേലികളാണല്ലോ.
മായിക നൃത്തരംഗിയോടിന്നെങ്ങു
പോയി നീങ്ങളെൻ താമരപ്പൂ, കളേ?
താമരക്കുളത്തിൻ വക്കിൽ നിന്നതാ–
മാമരങ്ങൾ തൻ മുത്തച്ഛനെങ്ങുപോയ്?
(നിഴലും നിലാവും)

അന്വേഷിച്ച് അന്വേഷിച്ച് ചെന്ന അദ്ദേഹം ചെന്നെത്തുന്നത് പരിതാപകരമായ ഈ വാസ്തവത്തിലാണ്–

നീതാവ്യാറ നാണ് കലകരം തൻ
വേരിന് നേരും കോടാലി പായിച്ച്,
കാലപോരിയായ് നാട്ടിൻപുറങ്ങളിൽ–
ശീവൊലിമൃ തൻ പ്രേതമലയുന്നു.
ഹാ, മലനാടു മരുഭൂമയാവുന്നു,
ശ്മശാനപ്പൂക്കളാൽ നിറയുന്നു.
പാമ്പു കൂടും ചിതൽപ്പുറ്റു പൊങ്ങുന്നു
പാതവക്കത്തു ഘോര വിപണിയായ്.
വാമനയൂഗത്തിന്നു ഭീഷണ–
യന്ത്രശാലയായ് ചെച്ചിൽപ്പുറമ്പുകം.
ഇതല്ലോ മഹാ സ്വാതന്ത്ര്യ ദീപ്തിയെ–
ന്നതിൻ നാടിനെപ്പൂടിമയോ?;;
(നിഴലും നിലാവും)

[illegible] ഈ രാജ്യ[illegible] [illegible] വേണ്ടി [illegible] [illegible] എന്തു ചെയ്യാൻ ആവും? കവിക്കു് [illegible] [illegible] [illegible] [illegible], [illegible] [illegible] [illegible], ആ പക്ഷേ[illegible]മായ ത്യാഗത്തിനും അദ്ദേഹം സന്നദ്ധനത്രേ.

''മറന്നു എൻ പൊരിമാ; അഹ–
പ്പവാളു പാറമ്പോയ്,
ഇടിഞ്ഞിതാക്കളരിയും,
തോക്കിരക്കയാണു ഞാൻ !
അറിയില്ല മനം തെല്ലും,
പകസ്സോ രണഭൂമിയിൽ,
മരിയും ഞാൻ നിനക്കായി
മംഗളാമർശദേവതേ !
രക്ത മാംസങ്ങളാക നാവു
നീട്ടുന്നോന്നു നൽകി ഞാൻ
തർപ്പിയ്ക്കുമീ പ്രപഞ്ചത്തെ
വിശ്വ മംഗള ദേവതേ !
കഞ്ഞിവെള്ളം നണയ്ക്കാതെ
പൈതങ്ങൾ പിടയുമ്പോഴും
പെറ്റുത്ത വേതനം തിന്നു
വീർക്കുമീ ഞാൻ മരിയ്ക്കണം !
പീടികത്തിണ്ണ വീടാക്കി–
സ്സഹോദരി മയങ്ങവേ
കൈക്കോഴയാൽബ്ബംഗളാവു
തീർക്കുമീ ഞാൻ മരിയ്ക്കണം !
അവിദ്യാവിദ്യയാലാത്മ–
സംസ്കാരം വിറ്റുതിന്നവൻ,
പെററമ്മതൻ ശത്രുവായി
വളരും ഞാൻ മരിയ്ക്കണം !
ഉരുക്ക പോലാം കരള,–
ണ്ടു നീയേൽക്കുകംബികേ !
ഞാനാകമീയായുധത്തെ
യേററു പോരാടി നിൽക്ക നീ !
വിളിയ്ക്കുയാണമ്മയിന്നു്,
''മകനേ !'' വിളി കേട്ടു ഞാൻ,
വരുന്നു ഞാൻ നരബലി
നൽകുവാൻ, തീർക്കുവാൻ കടം !
അറുത്തെറിഞ്ഞു ഞാനാശാ–
പാശനാളങ്ങളൊക്കെയും,
നെരിപ്പോടാം തലയുമീ–
ത്തിളയ്ക്കും പ്രാണവായുവും.
പറിച്ചെറിഞ്ഞു നിൻ കാക്കൽ–
ക്കരൾപ്പൂ, പാണിപാദവും,
നിണം നിവേദിച്ചു, കണ്ണു
ചൂഴ്ന്നു നൽകുന്നു ഞാനിതാ !
നുണച്ചതിപ്പേച്ചുരച്ച
നാവു ഞാനരിയുന്നിതാ !
മദ്യപാനം ചെയ്തുപോന്ന
മനസ്സുർപ്പിച്ചു നിന്നിൽ ഞാൻ
നാൾക്കിപ്പ്രാടിയുന്നോരി–
യസ്ഥികൂടത്തിലേറി നീ
നൃത്തമാടിച്ചിരിച്ചാലും
കാളി, യിക്കാളരാത്രിയിൽ !''
(നരബലി)

എങ്കിലും, പിന്നെപ്പിന്നെ കവിയുടെ ഉള്ളിൽ മനസ്സമാധാനവും സമചിത്തതയും കൈവരുന്നതായി കാണുന്നുണ്ട്. ഏതാനും വർഷങ്ങൾക്കു മുമ്പ് അദ്ദേഹത്തിന്റെ ഹൃദയത്തെ മഥിച്ച തീവ്രമായ പശ്ചാത്താപ ഭാരം ഇന്ന് അതിലില്ല. അതിന്റെ സ്ഥാനത്താകട്ടെ ആശയുടെ ചില പുതിയ നാളങ്ങൾ പൊടിച്ചുവരുന്നുണ്ട്.

''കാത്തിരിയ്ക്കു വിശ്വസിച്ചി–
ട്ടശ തൻ പടിവാതിലിൽ,
ഉപാസനാമൂർത്തി വരു–
മൊരു നാൾ'' ചൊല്ലി കോകിലം.
''നഷ്ടപ്പെട്ട വസന്തത്തിൻ
പൂക്കളെച്ചൊല്ലി മാഴ്കൊലാ,
പുനർജ്ജന്മം കൈവരിച്ച
പൂമരം ചൊല്ലി ശാന്തമായ്.''
([illegible])

കവിയുടെ വിഷാദം തികച്ചും വ്യക്തിഗതം മാത്രമല്ലാത്തതുപോലെ, അദ്ദേഹം കാത്തിരിയ്ക്കുന്ന ഉപാസനാമൂർത്തിയും പുനർജ്ജന്മവും അദ്ദേഹത്തിന്റേതും അതേ സമയം മുഴുവൻ രാഷ്ട്രത്തിന്റേതുമാണ്. പുനർജ്ജന്മം കൈക്കൊള്ളുന്ന തന്റെ രാഷ്ട്രത്തിന്റെ ചിത്രം മുമ്പുദ്ധരിച്ച ''ഓണക്കാലത്ത്'' എന്ന കവിതയിലൂടെ കവി സമർപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉപാസനാ മൂർത്തിയോ?

''തിമിരം തിന്ന നേത്രങ്ങൾ–
ക്കാലോകമരുളുന്നതാം
പൊന്നമ്പലത്തിൽ വാഴുന്നു
കലകരാംമധിനാഥയാം.
തമോവിഷം തീണ്ടി വാടും
ജീവന്നമൃതമൂട്ടുവോരാം,
തൃക്കൈവിരലിനാൽ, തൊട്ടു–
തൊക്കെയും തങ്കമാക്കുവോരാം,
തുരുമ്പു കേറിയോരന്ത–
രാത്മാവിൻ മണിവീണയിൽ
പ്രപഞ്ചം തേൻകുഴമ്പാക്കും
നാദബിന്ദു തുളിയ്ക്കുവോരാം,
അവിദ്യയാം മഹാ മോഹ–
മൃത്യുബാധയൊഴിയ്ക്കുവോരാം,
പുൽമ്പുകംകമ്മലിന–
മുഖ്യാടകം നൽകുവോരാം,
മണൽത്തരിയ്ക്കും ബ്രഹ്മാണ്ഡ–
മണ്ഡലത്തിന്നമൊന്നപോൽ
വിലയം വിട്ട ചൈതന്യ–
കല കോരി വിളമ്പുവോരാം,
മൂകമാഴ്വി തൻ നാവി–
ലക്ഷരങ്ങൾ വിതയ്ക്കുവോരാം,
കാർവണ്ടുകൾക്കിന്നവ–
പുഷ്പ ഗന്ധങ്ങൾ നൽകുവോരാം,
ആമ്നായശ്രുമശ്രീവിദ്യാ–
ശംഖനാദം മുഴങ്ങിടും
പൊന്നമ്പലത്തിൽ വാഴുന്നു
കലകരാംമധിനാഥയാം.
ദേവിതന്നെഴുന്നള്ളത്തി–
ലിതണ നരജീവിതം
ആനന്ദത്തിൽ പരിമളം
പൊങ്ങുന്ന മലർവാടിയായ്,
യുവാവായ് വൃദ്ധ ഗഗനം,
ഊഴി കന്യാകുമാരിയായ്
സമുദ്രം പൊരിച്ചിലമ്പിട്ടു
തുള്ളും കോമളബാലനായ് !
താരട്ടെ തെളിയുകേ, നിന്റെ
തലയിപ്പുലർവേളയിൽ,
സർവ്വജ്ഞപീഠം [illegible]–
മംഗികാ [illegible] !
([illegible])

ഈ ജഗന്മംഗള[illegible], [illegible] [illegible] ഈ പ്രപഞ്ച[illegible] [illegible] ഈ മനുഷ്യ[illegible] [illegible], [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible], [illegible] [illegible] [illegible]